**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 88** **27-06-2022 - ൽ മറുപടിയ്ക്ക്**

**പോലീസിന്റെ വാഹന പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാഹന പരിശോധന നടത്തുന്നതിനും വാഹനം പിടിച്ചെടുക്കുന്നതിനും പിഴ ഈടാക്കുന്നതിനും ഏത് റാങ്കിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കാണ് അധികാരമുള്ളത് എന്ന് വിശദമാക്കാമോ ; | (എ) | വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും നിയമ ലംഘനങ്ങൾക്ക് പിഴ ഈടാക്കുന്നതിനും സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥർക്കും സംശയാസ്പദമായ നിലയിൽ കാണപ്പെടുന്ന വാഹനങ്ങൾ നിയമാനുസരണം പരിശോധന നടത്തുന്നതിന് സംസ്ഥാന പോലീസിലെ യൂണിഫോമിലുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും അധികാരമുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഹോം ഗാർഡുകൾക്ക് വാഹന പരിശോധന നടത്തുന്നതിന് അധികാരവും അനുമതിയും നൽകിയിട്ടുണ്ടോ ; | (ബി) | <u>ബി & സി</u><br>ഹോം ഗാർഡുകൾക്ക് വാഹന പരിശോധന നടത്തുന്നതിന് അധികാരവും അനുമതിയും നൽകിയിട്ടില്ല. |
| (സി) | ഇല്ലാത്ത അധികാരം ഉപയോഗിച്ച് വാഹന പരിശോധന നടത്തുന്ന ഹോം ഗാർഡുകൾ അടക്കമുള്ളവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ; ഇത്തരത്തിൽ നടത്തുന്ന വാഹന പരിശോധനയോട് സഹകരിക്കാത്തവർക്കെതിരെ കേസെടുക്കാൻ സർക്കാരോ സംസ്ഥാന പോലീസിലെ ഉന്നത ഉദ്യോഗസ്ഥരോ പോലീസ് സ്റ്റേഷനുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ? | (സി) | മറുപടി ഉപചോദ്യം 'ബി ' യിൽ നൽകിയിരിക്കുന്നു |

സെക്ഷൻ ഓഫീസർ